**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 175** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. പ്രവീൺ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** 2020-ൽ ഭരണാനുമതി ലഭിച്ച പാനൂർ താലൂക്ക് ആശുപത്രി നിർമ്മാണത്തിന്റെ തടസ്സങ്ങൾ നീങ്ങിയിട്ടും പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** കിഫ്ബി ഫണ്ട് ഉപയോഗിച്ച് പാനൂർ താലൂക്കാശുപത്രി വികസനത്തിനായി 93.20 കോടി രൂപയുടെ ഭരണാനുമതിയും സ്ഥലം ഏറ്റെടുക്കുന്നതിനായി 13 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി 10.87 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. ടി പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**(ബി)** പാനൂർ താലൂക്ക് ആശുപത്രിയുടെ സ്ഥലമെടുപ്പിന് വേണ്ടി കിഫ്ബി അനുവദിച്ച തുക ഭൂവുടമക്ക് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

**<u>മറുപടി:</u>** കിഫ്ബി ഫണ്ട് മുഖേനയുള്ള സ്ഥലമേറ്റെടുക്കുന്നതിനുള്ള തുക ഭൂവുടമകൾക്ക് കൈമാറുന്നതിന് മുന്നോടിയായി പൊന്നും വില അധികാരി സമർപ്പിക്കുന്ന നഷ്ടപരിഹാരത്തുകയുടെ ബിൽ നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം നൽകുകയും അങ്ങനെ അനുവദിക്കപ്പെടുന്ന തുക ബന്ധപ്പെട്ട നിർവ്വഹണ ഏജൻസി അതത് അർത്ഥനാധികാരിയുടെ അക്കൗണ്ട് ശീർഷകത്തിൽ നിക്ഷേപിക്കുകയും ചെയ്യും. തുടർന്ന് അർത്ഥനാധികാരി പ്രസ്തുത തുക പൊന്നും വില അധികാരിയുടെ വർക്ക് ഡെപ്പോസിറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുടർന്ന് 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 19(1) വകുപ്പ് അനുസരിച്ചുള്ള കരട് പ്രഖ്യാപനം വിജ്ഞാപനം ചെയ്യുകയും ചെയ്യും. തുടർന്ന് തഹസീൽദാർ അവാർഡ് എൻക്വയറി നടത്തുകയും കൃത്യമായ രേഖകൾ സമർപ്പിക്കുന്ന ഓരോ പദ്ധതി ബാധിതർക്കും നഷ്ടപരിഹാരത്തുക വിതരണം ചെയ്ത് അവാർഡ് പാസ്സാക്കുകയും ഭൂമി കൈവശമെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുകയും ചെയ്യുന്നതോടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുകയും ചെയ്യുന്നു.

**(സി)** പാനൂർ താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**<u>മറുപടി:</u>** സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസി വിശദമായ ഡി.പി.ആർ തയ്യാറാക്കുകയും ആയത് അംഗീകരിച്ച് ധനാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയും ടെണ്ടർ

നടപടികൾ പൂർത്തിയാക്കിയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്നതാണ്

**സെക്ഷൻ ഓഫീസർ**